"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഹോംകോ - 2021-22 വർഷത്തെ ബോണസ് സംബന്ധിച്ച ത്രികക്ഷി ചർച്ചയിൽ തീരുമാനിച്ച പ്രകാരം ഹോംകോയിലെ ജീവനക്കാർക്ക് ബോണസ്/എക്സ് ഗ്രേഷ്യ അനുവദിച്ച ഹോംകോ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.38/2022/AYUSH തീയതി,തിരുവനന്തപുരം, 15-12-2022

---

പരാമർശം:- ഹോംകോ മാനേജിംഗ് ഡയറക്ടറുടെ 25/11/2022ലെ 305/എഡിഎംഎൻ/2022/ഹോംകോ നമ്പർ കത്ത്

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷം മുതൽ നിലനിന്നിരുന്ന ഹോംകോ ജീവനക്കാരുടെ ബോണസ് അധിക നിരക്ക് സംബന്ധിച്ച തീരുമാനത്തിൽ കാലതാമസം നേരിട്ട സാഹചര്യത്തിലും ഹോംകോ ജീവനക്കാരുടെ സംഘടനകളിൽ നിന്നുമുള്ള നിരന്തര സമർദ്ദത്തിനാലും പ്രസ്തുത തുക ഓണത്തിനുമുമ്പ് തൊഴിലാളികൾക്ക് നൽകണമെന്നുള്ളതുകൊണ്ടും ഹോംകോ ഭരണസമിതി ശിപാർശ ചെയ്തത് അനുസരിച്ച് ത്രികക്ഷി ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10% അധികരിച്ച തുക ഹോംകോ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തിൽ ബോണസ് /എക്സ്ഗ്രേഷ്യ അനുവദിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ഹോംകോ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 വർഷത്തെ ബോണസ് സംബന്ധിച്ച ത്രികക്ഷി ചർച്ചയിൽ തീരുമാനിച്ച പ്രകാരം ഹോംകോയിലെ ജീവനക്കാർക്ക് ബോണസ് / എക്സ് ഗ്രേഷ്യ അനുവദിച്ച് നൽകിയ ഹോംകോ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ
ഡയറക്ടർ ഹോമിയോപ്പതി വകുപ്പ് തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നം.1235 പ്രകാരം)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sheena Paul
Date: 19-12-2022 10:28:29
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 14-12-2022

ഫയൽ നം. ബി3/156/2022/ആയുഷ്. ഇനം നം: 1235

വിഷയം : ആയുഷ് വകുപ്പ് - 2021-22 വർഷത്തെ ബോണസ് സംബന്ധിച്ച ത്രികക്ഷി ചർച്ചയിൽ തീരുമാനിച്ച പ്രകാരം ഹോംകോയിലെ ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ അനുവദിച്ചത് സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

14/12

1235

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ബി3/156/2022/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ് - 2021-22 വർഷത്തെ ബോണസ് സംബന്ധിച്ച ത്രികക്ഷി ചർച്ചയിൽ തീരുമാനിച്ച പ്രകാരം ഹോംകോയിലെ ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ അനുവദിച്ചത് സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.11.2022. |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ. സാമ്പത്തിക ബാദ്ധ്യത ഹോംകോ വഹിക്കും. |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | വിജയകുമാർ .എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 26.11.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.11.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01.12.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.12.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഹോംകോ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ഓണം ബോണസ് /എക്സ്ഗ്രേഷ്യ എന്നിവ അനുവദിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ഹോംകോ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ഓണം ബോണസ് /എക്സ്ഗ്രേഷ്യ എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 10.08.2022- ൽ ഓൺലൈൻ ആയി ഹോംകോ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ യോഗം ചേരുകയും യോഗത്തിൽ ഹോംകോ ഭരണ സമിതി അംഗങ്ങളും അതോടൊപ്പം തന്നെ ഹോംകോയിലെ യൂണിയൻ പ്രതിനിധികളും പങ്കെടുക്കുകയുണ്ടായെന്നും പ്രസ്തുത യോഗത്തിൽ 25.07.2022-ലെ സ.ഉ.(അ) നം. 74/2022/LBR ഉത്തരവിലെ വ്യവസ്ഥകൾ ചൂണ്ടിക്കാട്ടി എങ്കിലും യൂണിയനുകൾ എതിർക്കുകയും ശേഷം വർദ്ധനവ് സംബന്ധിച്ച വിഷയം ബഹു: ആരോഗ്യ,തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലുള്ള ത്രികക്ഷി ചർച്ചയിൽ പരിഗണിക്കുന്നതിനായി തീരുമാനിക്കുകയും 13.08.2022 ൽ കൂടിയ ഹോംകോ ഭരണ സമിതി പ്രസ്തുത തീരുമാനം സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചുവെന്നും 2021-2022 സാമ്പത്തിക വർഷം ഹോംകോയിലെ ജീവനക്കാർക്ക് ബോണസ് / എക്സ്ഗ്രേഷ്യ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് ഹോംകോ എം.ഡി. അഭ്യർത്ഥിച്ചിരുന്നു.

3) ഹോംകോ എം.ഡി.-യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, 25.07.2022-ലെ സ.ഉ.(അ) നം. 74/2022/LBR ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഹോംകോയിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടേയും, ബഹു തൊഴിൽ വകുപ്പ് മന്ത്രിയുടേയും മധ്യസ്ഥതയിൽ 05/09/2022-നു ത്രികക്ഷി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ 2020-2021 വർഷത്തെ ത്രികക്ഷി ചർച്ചയിൽ വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ച തുകയിൽ നിന്നും 10% വർദ്ധനവ് കൂടി നൽകി, നടപടി ക്രമങ്ങൾ പാലിച്ച് 2021-2022 വർഷത്തെ സ്ഥിരം ജീവനക്കാർക്കുള്ള എക്സ്ഗ്രേഷ്യയും, താത്കാലിക ജീവനക്കാർക്കുള്ള പെർഫോർമൻസ് ഇൻസെന്റീവും നൽകാൻ തീരുമാനിക്കുകയുണ്ടായി.

4) സംസ്ഥാനത്തിലെ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2021-22 വർഷത്തെ ബോണസ് നൽകുന്നത് സംബന്ധിച്ച് 25.07.2022 തീയതിയിലെ സ.ഉ.(അച്ചടി)നം. 74/2022/തൊഴിൽ നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥ 14 പ്രകാരം ത്രികക്ഷി സമ്മേളനത്തിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന ബോണസ് സംബന്ധിച്ച തീരുമാനങ്ങൾ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം നേടിയ ശേഷം മാത്രം നടപ്പാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ 2020-2021 വർഷത്തെ ത്രികക്ഷി ചർച്ചയിൽ വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ച തുകയിൽ നിന്നും 10% വർദ്ധനവ് കൂടി നൽകി, നടപടി ക്രമങ്ങൾ പാലിച്ച് 2021-2022 സാമ്പത്തിക വർഷത്തിൽ ഹോംകോ സ്ഥിരം ജീവനക്കാർക്കുള്ള എക്സ്ഗ്രേഷ്യയും, താത്കാലിക ജീവനക്കാർക്കുള്ള പെർഫോർമൻസ് ഇൻസെന്റീവും നൽകാനുള്ള 05.09.2022-ലെ ത്രികക്ഷി തീരുമാനം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാമോ എന്ന ഉത്തരവിനായി

ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

5) 2017 -2018 സാമ്പത്തിക വർഷം മുതൽ നില നിന്നിരുന്ന അധിക നിരക്ക് സംബന്ധിച്ച തീരുമാനത്തിനു കാലതാമസം നേരിട്ട സാഹചര്യത്തിലും യൂണിയനുകളിൽ നിന്നുള്ള നിരന്തര സമ്മർദ്ദത്തിനാലും പ്രസ്തുത തുക ഓണത്തിന് മുൻപായി തൊഴിലാളികൾക്ക് നൽകേണ്ട സാഹചര്യത്തിലും ആണ് ത്രി കക്ഷി ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി 10% അധികരിച്ച തുക നൽകിയിട്ടുള്ളതെന്നും ത്രികക്ഷി ചർച്ചയുടെ അടിസ്ഥാനത്തിൽ ഹോംകോ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ബോണസ് / എക്സ്ഗ്രേഷ്യ അനുവദിക്കപ്പെട്ടത് സംബന്ധിച്ച വിഷയം സാധൂകരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഹോംകോ എം.ഡി. അഭ്യർത്ഥിച്ചിരിക്കുന്നു.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

ത്രികക്ഷി ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഹോംകോ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ നൽകിയ നടപടി സാധൂകരിക്കാമോ ?